പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1847 17-03-2015-ൽ മറുപടിയ്ക്ക്

## മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം :

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം :
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; | (എ) | മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോൽസാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യ രഹിത കേരളം" എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിൽ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകൾ ഒഴികെയുള്ള ബാർ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്. ഒരാൾക്ക് കൈവശം വെയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും ബാർ ഹോട്ടലു |

<table>
<tr><td></td><td></td><td></td><td>കളുടെ പ്രവർത്തന സമയം രാവിലെ 9.30 മുതൽ രാത്രി 10.00 മണിവരെയായി കുറവു വരുത്തുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യാപാനാസക്തി നിയന്ത്രിക്കുന്നതിനായി, മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18- ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കു മരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ 1467-ഉം കോളേജുകളിൽ 194-ഉം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു. കൂടാതെ ദു:ഖ:വെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു. മദ്യത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തെ സർക്കാർ ഒരു പ്രധാന റവന്യൂ വരുമാനമായി കാണുന്നില്ല. മറിച്ച് മദ്യത്തിൽ നിന്നും പൊതു സമൂഹത്തെ, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളേയും രക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ഇത്തരം കർശനമായ നടപടി സ്വീകരിച്ചത്.</td></tr>
<tr><td>(ബി)</td><td>418 ബാർ നിരോധിച്ചതുമൂലം മദ്യ ഉപഭോഗത്തിന്റെ അളവ് കുറഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;</td><td>(ബി)</td><td>കുറവു വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>വിൽപ്പന (ലക്ഷം കേയ്സിൽ)</th><th>വിൽപ്പനയിലുണ്ടായവർദ്ധനവ്/ കുറവ്</th></tr>
<tr><td>2011-2012</td><td>241.78</td><td>11%</td></tr>
<tr><td>2012-2013</td><td>244.33</td><td>01%</td></tr>
<tr><td>2013-2014</td><td>240.67</td><td>(-) 1%</td></tr>
<tr><td>2014-2015 (ഫെബ്രുവരി 14വരെ)</td><td>203.14</td><td>(-) 8%</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ 'ബാർ നിരോധനം' എന്ന നയം തെറ്റായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ? | (സി) | മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ " മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന്റെ ആദ്യപടിയായാണ് 2014-15 വർഷത്തേയ്ക്കുള്ള അബ്കാരി നയം സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഈ നടപടിയിലൂടെ ബാറുകൾ അടച്ചുപൂട്ടിയത് തെറ്റായിരുന്നുവെന്ന് സർക്കാർ കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ